വരുന്നതിനാലും, ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും കുറഞ്ഞ പലിശയ്ക്ക് വീടും സ്ഥലവും വാങ്ങുവാൻ വായ്പ നൽകുന്നതിനാലുമാണ്.

(ഡി) ഇതുവരെ 175 ഫ്ളാറ്റുകളും 286 വീടുകളും 197 പ്ലോട്ടുകളും ഉൾപ്പെടെ മൊത്തം 658 യൂണിറ്റുകളാണ് ലേലത്തിൽ വിറ്റത്. ഈയിനത്തിൽ 3681.76 ലക്ഷം രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്.

ഹോസ്ദുർഗ് മിനി സിവിൽ സ്റ്റേഷൻ

34 [3558] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് മിനി സിവിൽ സ്റ്റേഷനു വേണ്ടി തറക്കല്ലിട്ട് വർഷങ്ങളായിട്ടും പണി തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി തുടങ്ങാനുള്ള കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പണി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡു വഴി റവന്യൂ ടവർ നിർമ്മിക്കുന്നതിനാണ് തറക്കല്ലിട്ടത്. ഹോസ്ദുർഗിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നൂറുദിന പരിപാടി

35 [3560] *ശ്രീ. ബിനോയ് വിശ്വം:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. നാരായണൻ:*

„ *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി മരാമത്ത് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര കി. മീ. റോഡുകൾ ഏറ്റെടുക്കുവാനാണുദ്ദേശിച്ചിട്ടുള്ളത് ; ഇതുവരെ എത്ര കി. മീ. റോഡ് ഏറ്റെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏറ്റെടുത്ത റോഡുകൾക്കായി എത്ര കോടി രൂപ മാറ്റിവച്ചു എന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 126 പണികൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 31 പണികളുടെ നിർമ്മാണോദ്ഘാടനം നടത്തുവാനും 29 പണികൾ പൂർത്തിയാകുവാനും കഴിഞ്ഞു. ബാക്കിയുള്ള പണികൾ ഭൂരിഭാഗവും ടാറിംഗ് പണികൾ മാത്രം തീരാനുള്ളവയാണ്. ടാർ ലഭ്യത അനുസരിച്ച് പണി പൂർത്തിയാക്കിവരികയാണ്.

ദേശീയപാതാ വിഭാഗത്തിൽ 7 പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ താഴെ പറയും പ്രകാരമാണ്.

(1) കരമന–പൂജപ്പുര, കട്ടാക്കട–മണ്ഡപത്തിൻകടവ് റോഡ്.

(2) എരുമേലി–ചാലക്കയം, മൂന്നാഘട്ടം.

(3) ധർമ്മടം പാലം പുനർനിർമ്മാണം

(4) തിരൂർ–മലപ്പുറം റോഡിന്റെ വികസനം

(5) ഗുരുവായൂർ–ചാവക്കാട് ചുണ്ടൽ റോഡ്

(6) I.R.Q.P. N.H. 17–ൽ കി.മീ. 145 മുതൽ 157 വരെ.

(7) I.R.Q.P. N.H. 47-A–യിൽ കി.മീ. 0/00 മുതൽ 5/920 വരെ

കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ്.

(ബി) ദേശീയപാതാ വിഭാഗത്തിൽ 59.955 കി. മീ. റോഡ് ഏറ്റെടുത്തിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ &193 കി. മീ. റോഡുകൾ ഏറ്റെടുത്തു. അതിനുശേഷം 2580 കി. മീ. റോഡുകൾ കൂടി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്.

(സി) ദേശീയപാതയിൽ ഏറ്റെടുത്ത റോഡുകൾക്കായി 21.97 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതുവരെ തുക ചെലവാക്കിയിട്ടില്ല. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രത്യേകിച്ച് തുകയൊന്നും മാറ്റിവച്ചിട്ടില്ല.

ദേശീയപാത വികസന പദ്ധതി

36 [3561] *ശ്രീ. വി. കെ. ചന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ഈയിടെ പ്രഖ്യാപിച്ച ദേശീയപാത വികസന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly